നൈറ്റ് വാച്ചർ	-	2
സ്റ്റേഷൻ ഓഫീസർ	-	1
അസിസ്റ്റന്റ് ഡിവിഷണൽ ഓഫീസർ	-	2
ഫയർമാൻ	-	1137
ഫയർമാൻ ഡ്രൈവർ	-	153

(സി) 2479 പേർ.

122 (2435) അഗ്നിശമനസേനാവിഭാഗത്തിനു ജോലിസമയം 8 മണിക്കൂറാക്കി നിജപ്പെടുത്താൻ നടപടി

ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഫയർ സ്റ്റേഷനുകളുണ്ട്;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര ഫയർ സ്റ്റേഷനുകൾ ആരംഭിച്ചു; എവിടെയെല്ലാം;

(സി) സംസ്ഥാന അഗ്നിശമനസേനയെ നവീകരിക്കാൻ പരിപാടിയുണ്ടോ;

(ഡി) ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം ഇക്കാര്യത്തിനുവേണ്ടി എന്തെല്ലാം ചെയ്തു;

(ഇ) അഗ്നിശമനസേനയുടെ ജോലിസമയം ഇപ്പോൾ എത്ര മണിക്കൂറാണ്;

(എഫ്) ഒരു ദിവസം 8 മണിക്കൂർ മാത്രം ജോലിചെയ്താൽ മതിയെന്ന തത്വം ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ തത്വം എവിടെയെല്ലാം നടപ്പാക്കി;

(ജി) ഈ തത്വം ഒരിടത്തും നടപ്പാക്കാത്തപക്ഷം അതിനുള്ള കാരണം എന്താണെന്നുവ്യക്തമാക്കുമോ?

ഉത്തരം

(എ) ഫോർട്ട് കൊച്ചിയിലെ ട്രെയിനിംഗ് സ്കൂൾ ഉൾപ്പടെ ആകെ 61 ഫയർ സ്റ്റേഷനുകളുണ്ട്.

(ബി) 5. ഈരാറ്റുപേട്ട, മുക്കം, കാഞ്ഞങ്ങാട്, മട്ടന്നൂർ, പേരാമ്പ്ര, എന്നിവിടങ്ങളിൽ പുതുതായി ഫയർ സ്റ്റേഷനുകൾ ആരംഭിച്ചു.

(സി) ഉണ്ട്.

(ഡി) അഗ്നിശമനസേനാംഗങ്ങൾക്ക് മുങ്ങലിലും നീന്തലിലും പരിശീലനം നൽകുന്നതിന്റെഭാഗമായി 13 ജീവനക്കാർക്ക് സതേൺ നേവൽ കമാന്റിൽ നിന്നും ഡൈവിംഗിൽ പരിശീലനം നൽകിയിട്ടുണ്ട്. ഒഴിവുണ്ടായിരുന്ന വിവിധ തസ്തികകൾ നികത്തുന്നതിനു നടപടികൾ എടുത്തിട്ടുണ്ട്. ട്രോമാകെയർ പദ്ധതി പ്രകാരം അഗ്നിശമന ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനു നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ആസ്ഥാനമാക്കി ഒരു വയർലെസ് ശൃംഖല സ്ഥാപിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. കൂടാതെ അഗ്നിശമന വകുപ്പിന്റെ സമഗ്ര

LIBRARY ARCHIVES Kerala Legislative Assembly

നവീകരണം ലക്ഷ്യമാക്കിക്കൊണ്ടുള്ള ഒരു പ്രോജക്ട് റിപ്പോർട്ട് പരിഗണനയിലാണ്.

(ഇ)(എഫ്)&(ജി) പകൽ ഡ്യൂട്ടിക്കാർക്ക് 9 മണിക്കൂറും രാത്രി ഡ്യൂട്ടിക്കാർക്ക് 15 മണിക്കൂറും ആണ് ജോലിസമയം. ഇതിൽ മാറ്റം വരുത്തുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല.

123 (2436) ഡ്രൈവർ തസ്തികയിൽ മെക്കാനിക്കായി പ്രൊമോഷൻ

ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗ്നിശമനസേനാ വിഭാഗത്തിൽ 3050 രൂപ അടിസ്ഥാന ശമ്പളത്തിൽ ഡ്രൈവർ തസ്തികയിൽ നിയമനം ലഭിച്ച് ജോലി നോക്കിവരുന്നവർക്ക് 4000 രൂപ അടിസ്ഥാന ശമ്പളത്തിൽ മെക്കാനിക്കായി പ്രൊമോഷൻ നൽകിയിട്ടുണ്ടോ;

(ബി) ഇതേ യോഗ്യതയുള്ള ഐ.ടി.ഐ., ഐ.ടി.സി സർട്ടിഫിക്കറ്റ് ഉള്ളവർക്ക് പ്രൊമോഷൻ നൽകാത്തത് എന്തുകൊണ്ടാണ്;

(സി) ഡ്രൈവർ തസ്തികയിൽ നിന്നും മെക്കാനിക്കായി പ്രൊമോഷൻ നൽകുന്നതിനുള്ള യോഗ്യത നിശ്ചയിക്കുവാൻ സ്വീകരിച്ച മാനദണ്ഡം എന്താണ്?

ഉത്തരം

(എ) ഫയർമാൻ-ഡ്രൈവർ-കം-പമ്പ് ഓപ്പറേറ്റർ തസ്തികകളിൽ നിയമനം ലഭിച്ചവരിൽ എസ്.എസ്.എൽ.സി പാസാകുകയും, ഗവൺമെന്റ് അംഗീകൃത വർക്ക്ഷോപ്പിലോ, കെ.എസ്.ആർ.ടി.സിയിലോ മെക്കാനിക്കായി 3 വർഷത്തെ പ്രായോഗിക പരിചയവും ഉള്ളവരെ ഡ്രൈവർ മെക്കാനിക്കായി പ്രൊമോഷൻ നൽകി നിയമിച്ചിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞ യോഗ്യതയുള്ള ആർക്കും ഡ്രൈവർ മെക്കാനിക്ക് തസ്തികയിൽ പ്രൊമോഷൻ നിഷേധിച്ചിട്ടില്ല.

(സി) 17-8-98-ലെ സർക്കാർ ഉത്തരവ് (പി)നം99/88/ആഭ്യന്തരം പ്രകാരം അംഗീകരിച്ചിട്ടുള്ള കേരള ഫയർ സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് പ്രകാരമാണ് മാനദണ്ഡം നിശ്ചയിച്ചിട്ടുള്ളത്.

124 (2437) ഡ്രൈവർമാരുടേയും മെക്കാനിക്കുകളുടേയും സ്ഥലംമാറ്റം

ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫയർഫോഴ്സിലെ ഡ്രൈവർമാരുടെയും മെക്കാനിക്കുകളുടെയും സ്ഥലംമാറ്റം സംബന്ധിച്ച് എന്തെങ്കിലും മാനദണ്ഡം നിലവിലുണ്ടോ; എങ്കിൽ അതെന്തെന്നു വിശദീകരിക്കുമോ;

(ബി) ഈ മാനദണ്ഡങ്ങൾ പ്രകാരമാണോ പ്രസ്തുത ജീവനക്കാർക്ക് ട്രാൻസ്ഫർ നൽകുന്നത്;

LIBRARY ARCHIVES Kerala Legislative Assembly